| S001 | CO |
|---|---|

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം

**കെ.എസ്.ആർ.റ്റി.സി.യിൽ ഭരണ നിർവ്വഹണ ജില്ലാ ഓഫീസുകൾ നിറുത്തലാക്കി ഉത്തരവാകുന്നത് -**

ജനറൽ വിഭാഗം, ട്രാൻസ്പോർട്ട് ഭവൻ

നമ്പർ_550/GL2/2022/RTC. തിരുവനന്തപുരം, തീയതി : 14-3-2024.

വായന:- ഈ ഓഫീസിലെ 24-5-2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

ഉത്തരവ്

കെ.എസ്.ആർ.റ്റി.സി.യിൽ ഭരണ നിർവ്വഹണ ജില്ലാ ഓഫീസുകൾ മേൽ വായന ഉത്തരവ് പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. ഭരണസൗകര്യാർത്ഥം ജില്ലാ ഓഫീസുകളുടെ പ്രവർത്തനം ഉടൻ പ്രാബല്യത്തിൽ നിറുത്തലാക്കി, ജില്ലാ ഓഫീസുകളുടെ പ്രവർത്തനങ്ങൾ അതത് ജില്ലാ ഓഫീസുകളുടെ നിയന്ത്രണത്തിലുള്ള ബന്ധപ്പെട്ട യൂണിറ്റുകളിലേയ്ക്ക് ജീവനക്കാരെയടക്കം പുനർ വിന്യസിച്ച് ഉത്തരവാകുന്നു.

- ജീവനക്കാരുടെ സേവനരേഖകളും, സ്ഥാവര-ജംഗമ വസ്തുക്കളും ഉൾപ്പെടെ അതത് യൂണിറ്റുകളിലേയ്ക്ക് ജില്ലാ ഓഫീസർമാർ ബന്ധപ്പെട്ട യൂണിറ്റ് അധികാരികൾക്ക് കൈമാറേണ്ടതും, യൂണിറ്റ് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- യൂണിറ്റ് തലത്തിൽ ഓഫീസ് പ്രവർത്തനം പൂർണ്ണമായി സജ്ജമാകുന്നതുവരെ ജില്ലാ ഓഫീസർമാർ നിലവിലെ ചുമതലയിൽ തുടരേണ്ടതാണ്.
- പ്രസ്തുത പശ്ചാതലത്തിൽ യൂണിറ്റുകളിലെ ഓഫീസ് പ്രവർത്തനം സജ്ജീകരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ (സിവിൽ വർക്ക്സ്) സ്വീകരിക്കുന്നതിന് ജനറൽ മാനേജർ (പ്രോജക്ട്)നെ ചുമതലപ്പെടുത്തുന്നു.
- ഫിനാൻസ് സംബന്ധമായ ഉത്തരവുകൾ ചീഫ് ഓഫീസിലെ ബഡ്ജറ്റ് / സ്പാർക്ക് വിഭാഗത്തിൽ നിന്നും പുറപ്പെടുവിക്കുന്നതാണ്.
- യൂണിറ്റുകളിൽ ആവശ്യമായ കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ IT വിഭാഗം സ്വീകരിക്കേണ്ടതാണ്.

(തുടർച്ച...)

- ഓഫീസ് ഷിഫ്റ്റിംഗിന് ഫണ്ട് ആവശ്യമാണെന്നപക്ഷം, ബന്ധപ്പെട്ട ജില്ലാ ഓഫീസർ ചീഫ് ഓഫീസ് ബഡ്ജറ്റ് വിഭാഗവുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ടതാണ്.
- മേൽപറഞ്ഞ പ്രകാരം 31-3-2024 തീയതിക്ക് മുമ്പായി യൂണിറ്റ് ഓഫീസുകൾ പൂർണ്ണമായി പ്രവർത്തന സജ്ജമാണെന്ന് ബന്ധപ്പെട്ട യൂണിറ്റ് / ജില്ലാ അധികാരികളും, ജനറൽ മാനേജർ (പ്രോജക്ട്സ്)ഉം ഉറപ്പുവരുത്തേണ്ടതാണ്.
- ഓരോ ജില്ലയിലുമുള്ള ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി യൂണിറ്റുകളിലെ ജീവനക്കാരുടെ എണ്ണം ക്രമീകരിക്കുന്നതാണ്.

ജീവനക്കാരുടെ പുനർ വിന്യാസം സംബന്ധിച്ച ഉത്തരവുകൾ തുടർ ദിവസങ്ങളിൽ പുറപ്പെടുവിക്കുന്നതാണ്.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഓഫീസർമാർക്ക്.

പകർപ്പ് : മേഖലാ / യൂണിറ്റ് / വർക് ഷോപ്പ് അധികാരികൾക്ക്,
ചീഫ് ഓഫീസിലെ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും,
ഫയൽ/ കരുതൽ ഫയൽ.

.asm/~